

# ആദ്യം കേട്ട അനുഭവ സാക്ഷ്യം

●ഫാ. ജോസ് ആലുങ്കൽ എസ്ഡിബി

പ്രാർത്ഥന കഴിഞ്ഞ് ഇമചിമ്മാതെ തിരുഹൃദയത്തെ നോക്കിയിരിക്കുന്ന അപ്പച്ചന്റെ ചിത്രം ഇന്നും മനസിലുണ്ട്. മെയ് മാസം മാതാവിന്റെ വണക്കമാസമായതുകൊണ്ട് സാധാരണഗതിയിൽനിന്ന് സന്ധ്യാപ്രാർത്ഥനയുടെ സമയം ഒരൽപ്പം കൂടിയിരുന്നു. ജൂൺ മാസമാവുമ്പോഴേക്കും തിരുഹൃദയ വണക്കമാസമുള്ളതുകൊണ്ട് പിന്നെയും പ്രാർത്ഥനാ സമയം കൂടുമായിരുന്നു. മടുപ്പുകളില്ലാതെ ഈ വണക്കമാസങ്ങളെ സാകൂതം ശ്രദ്ധിക്കാൻ പ്രേരിപ്പിച്ചത് അപ്പച്ചന്റെ ഭക്തിയോടെയുള്ള വണക്കമാസ വായനയായിരുന്നു.

## തിരുഹൃദയത്തണലിൽ

സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന് പിന്നീട് പട്ടാളത്തിൽ സേവനമനുഷ്ഠിച്ചപ്പോഴും തുടർന്ന് ജീവിതത്തിലുണ്ടായ പ്രതിസന്ധികളെ നേരിടാൻ അപ്പച്ചന് താങ്ങായത് തിരുഹൃദയ സ്നേഹമാണെന്നതിൽ യാതൊരു സംശയവുമില്ല. പട്ടാളത്തിൽനിന്നും തിരിച്ചുവന്ന് ഏതാനും മാസങ്ങൾക്കുള്ളിൽ കൊച്ചിൻ പോർട്ടിൽ ജോലി കിട്ടിയത് തിരുഹൃദയത്തിന്റെ അനുഗ്രഹമാണെന്ന് നിരന്തരം വീട്ടിൽ മുഴങ്ങിയിരുന്ന അപ്പച്ചന്റെ അനുഭവ സാക്ഷ്യമായിരുന്നു. തിരുഹൃദയം നമ്മെ ഒരിക്കലും കൈവെടിയില്ലെന്ന അപ്പച്ചന്റെ ആത്മഗതം തിരുഹൃദയത്തെക്കുറിച്ചോ തിരുഹൃദയ ഭക്തിയെക്കുറിച്ചോ വലിയ ധാരണയൊന്നുമില്ലാതിരുന്നിട്ടും ഇളംപ്രായത്തിൽ തിരുഹൃദയത്തോട് സവിശേഷമായ സ്നേഹം തോന്നാനിടയാക്കി.

ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കമായുള്ള ദിനങ്ങളിൽ അപ്പച്ചൻ കൂടെക്കൂടെ ഓർമിപ്പിച്ച ഒരു കാര്യമുണ്ടായിരുന്നു; ആദ്യകുർബാന സ്വീകരിച്ചതിനുശേഷം ആദ്യ ഒമ്പത് വെള്ളിയാഴ്ച്ച തുടർച്ചയായി അനുരഞ്ജന കൂദാശ സ്വീകരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയാണെങ്കിൽ കർത്താവിന്റെ കൃപ ലഭിക്കാതെ മരിക്കുകയില്ല. താൻ ഈ വാഗ്ദാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അഭിമാനത്തോടെ അപ്പച്ചൻ ഞങ്ങളെ നിരന്തരം ഓർമിപ്പിച്ചിരുന്നു. എല്ലാ ദിവസവും മുടങ്ങാതെ പള്ളിയിൽ പോകുമായിരുന്നെങ്കിലും ആദ്യത്തെ അഞ്ച് ആദ്യ വെള്ളിയാഴ്ച്ച മാത്രമാണ് അനുരഞ്ജന കൂദാശ സ്വീകരിച്ച് ഒരുങ്ങിക്കൊണ്ട് ഞാൻ ദിവ്യകാരുണ്യം സ്വീകരിച്ചത്. പല കാരണങ്ങൾകൊണ്ട് ഈ വ്രതം പൂർത്തിയാക്കാൻ എനിക്കായില്ല.

**ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് അപ്പച്ചൻ കാൻസർ രോഗബാധിതനാകുന്നത്. പാലിയേറ്റീവ് കെയർ സ്റ്റേജിൽ ആയിരിക്കുമ്പോഴും രോഗാവസ്ഥയുടെ തീവ്രത പൂർണമായും അപ്പച്ചൻ മനസിലാക്കിയിരുന്നില്ല.**

## സുകൃതം നിറഞ്ഞ നിമിഷം

ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് അപ്പച്ചൻ കാൻസർ രോഗബാധിതനാകുന്നത്. പാലിയേറ്റീവ് കെയർ സ്റ്റേജിൽ ആയിരിക്കുമ്പോഴും രോഗാവസ്ഥയുടെ തീവ്രത പൂർണ്ണമായും അപ്പച്ചൻ മനസിലാക്കിയിരുന്നില്ല. പിന്നെ എങ്ങിനെയാണ് രോഗിലേപന കൂദാശ നൽകുക എന്നത് മനസിൽ ഉയർന്ന വലിയ ആശങ്കയായിരുന്നു. ഒമ്പത് ആദ്യ വെള്ളിയാഴ്ച്ച കുമ്പസാരിച്ച് കുർബാന കൈക്കൊണ്ട താൻ കർത്താവിന്റെ കൃപ സ്വീകരിക്കാതെ മരിക്കുകയില്ലെന്ന അപ്പച്ചന്റെ വാക്കുകളും ഓർമയിലുണ്ടായിരുന്നു. ദൈവകൃപയുടെ സാന്നിധ്യമായി ഞങ്ങളുടെ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്ന സിസ്റ്റർ ജെറോം അപ്പച്ചന് പാലിയേറ്റീവ് കെയർ ശുശ്രൂഷ നൽകിയിരുന്ന ഹോളിക്രോസ് സന്യാസ സഭയിലെ അംഗമായിരുന്നു. നിത്യവും സായാഹ്നങ്ങളിൽ അപ്പച്ചനെ സന്ദർശിക്കാനെത്തിയ സിസ്റ്റർ ആയിരുന്നു രോഗാവസ്ഥയെക്കുറിച്ച് അപ്പച്ചനെ പറഞ്ഞുമനസിലാക്കിയതും രോഗിലേപന കൂദാശ സ്വീകരിക്കാനായി അദ്ദേഹത്തെ ഒരുക്കിയതും.

2008 ഫെബ്രുവരി 21-നാണ് അപ്പച്ചൻ മരിച്ചത്. അന്നും രാവിലെ പതിവുപോലെ മുറിയിലേക്ക് കൊണ്ടുവന്ന ദിവ്യകാരുണ്യം അപ്പച്ചൻ സ്വീകരിച്ചു. ഞങ്ങൾ മക്കളുടെയും അപ്പച്ചന്റെ സഹോദരങ്ങളുടെയും, ബന്ധുമിത്രാദികളുടെയുമൊക്കെ സാന്നിധ്യം അവിടെ ഉണ്ടായിരുന്നു. കരുണക്കൊന്തയുടെയും ഈശോ മറിയം ഔസേപ്പേ സുകൃതജപങ്ങളുടെയും മധ്യേയായിരുന്നു അപ്പച്ചൻ കടന്നുപോയത്. അപ്പച്ചന്റെ അന്ത്യനിമിഷങ്ങൾ കൃപാപൂരിതമാക്കിയത് വികാരി ജോപ്പിയച്ചന്റെ സാന്നിധ്യമായിരുന്നു. സിസ്റ്റർമാർ അറിയച്ചതനുസരിച്ച് ജോപ്പിയച്ചൻ അവിടെ വരികയും അപ്പച്ചന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ആ പ്രാർത്ഥനയുടെ ഇടയിൽ ഞങ്ങളെയെല്ലാം നോക്കിയതിനുശേഷം ശാന്തമായിട്ടായിരുന്നു അപ്പച്ചന്റെ മരണം. ഹൃദയം തകർന്ന സമയമായിരുന്നെങ്കിലും ഇന്ന് ആ നിമിഷങ്ങളെ ജീവിതത്തിലെ ഏറ്റവും സുകൃതം നിറഞ്ഞ നിമിഷങ്ങളായിട്ടാണ് ഓർത്തെടുക്കുക.

## കൃപയുടെ നീർച്ചാൽ

അപ്പച്ചന്റെ മരണശേഷമാണ് സെമിനാരിയിൽ ചേർന്നത്. സെമിനാരി ജീവിതത്തിനിടെയാണ് ഒമ്പത് ആദ്യ വെള്ളിയാഴ്ച്ച തുടർച്ചയായി പരിശുദ്ധ കുർബാന സ്വീകരിക്കുന്ന വ്യക്തികൾ കർത്താവിന്റെ കൃപ സ്വീകരിക്കാതെ മരിക്കുകയില്ലെന്നത് തിരുഹൃദയത്തിന്റെ അപ്പോസ്തോലയായ വിശുദ്ധ മർഗരീത്തായ്ക്ക് തിരുഹൃദയനാഥൻ നൽകിയ വാഗ്ദാനങ്ങളിലൊന്നായിരുന്നുവെന്ന് തിരിച്ചറിയുന്നത്. സെമിനാരി ജീവിതത്തിനിടെ സദാ സമയവും കുമ്പസാരക്കാരൻ കൂടെ ഉണ്ടായിട്ടും ഈ സുകൃതം പൂർത്തിയാക്കാൻ ഞാൻ കൂട്ടാക്കിയിരുന്നില്ല. ഡീക്കനായി ശുശ്രൂഷ ചെയ്ത വേളയിലായിരുന്നു കോവിഡിന്റെ രണ്ടാം തരംഗം ഒരുപാട് സഹോദരങ്ങളുടെ ജീവൻ അപഹരിച്ചത്.

ആ നാളുകളിൽ ശ്മശാനങ്ങളിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നിർവഹിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. ആ ദിനങ്ങളിലുണ്ടായ അനുഭവങ്ങളാണ് വി. മർഗരീത്തായ്ക്ക് കർത്താവ് നൽകിയ ഈ വാഗ്ദാനത്തെ പൂർത്തീകരിക്കണമെന്ന ആഗ്രഹം മനസിൽ ശക്തമായത്. തിരുപ്പട്ടം സ്വീകരിച്ചതിന് ശേഷമുള്ള ആദ്യ ഒമ്പത് വെള്ളിയാഴ്ച്ച ഈ നിയോഗം വച്ചുകൊണ്ട് അനുരഞ്ജനകൂദാശ സ്വീകരിക്കാനും ദിവബലി അർപ്പിക്കാനുമുള്ള വലിയ കൃപ തിരുഹൃദയ നാഥൻ നൽകി. അങ്ങനെ ഒരുപാട് വർഷങ്ങൾക്ക് ശേഷം അപ്പച്ചൻ നിരന്തരം ആവശ്യപ്പെട്ട വ്രതം പൂർത്തീകരിക്കാനായി.

അവന്റെ മരണം ഉറപ്പിക്കാനായിരുന്നു റോമൻ പടയാളികളിലൊരാൾ തിരുഹൃദയം കുത്തിത്തുറന്നത്. കുത്തിത്തുറക്കപ്പെട്ട തിരുഹൃദയത്തിന് പങ്കുവയ്ക്കാനുണ്ടായിരുന്നത് വേദനയുടെ കണ്ണുനീരായിരുന്നില്ല. മറിച്ച്, എല്ലാവർക്കും ജീവൻ നൽകാനുള്ള കൃപയുടെ നീർച്ചാലായിരുന്നു. തിരുഹൃദയത്തോടുള്ള ഭക്തിയിൽ അനുദിനം വളരാനും തിരുഹൃദയനാഥന്റെ ഹൃദയത്തിൽ ചാരിക്കിടന്ന് നിത്യതയിലേക്ക് പ്രവേശിക്കാനും നമുക്കാവട്ടെ.